പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.4781

18.12.2014 ൽ
മറുപടിക്ക്

## സംസ്ഥാനത്തിന് വെളിയിൽ സർക്കാരിന്റെ പേരിൽ പട്ടയമുള്ള ഭൂമി

ചോദ്യം

ശ്രീ.ജോസഫ് വാഴയ്ക്കൻ
ശ്രീ. ഹൈബി ഈഡൻ
ശ്രീ. എ.റ്റി.ജോർജ്
ശ്രീ. എം.എ. വാഹീദ് :

ഉത്തരം

ശ്രീ .അടൂർ പ്രകാശ്
(ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സർക്കാരിന്റെ പേരിൽ പട്ടയമുള്ള ഭൂമികളും അവയിലുള്ള കെട്ടിടങ്ങളും സംസ്ഥാനത്തിന് വെളിയിൽ നിലവിലുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി)<br><br>(സി)<br><br>(ഡി) | ഈ ഭൂമികളിലെ കയ്യേറ്റം തടയുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;<br><br>ഇവ സംരക്ഷിക്കുവാൻ നിയമനടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; വിശദമാക്കുമോ;<br><br>ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം? | (ബി), (സി) & (ഡി) | പത്മനാഭപുരം സമുച്ചയം ഉൾപ്പെടുന്ന ഭൂമിയിൽ റീ സർവ്വേയിൽ കുറവ് വന്നിട്ടുണ്ടെന്ന് കണ്ടെത്തിയ ഭൂമി ഇപ്പോഴുള്ള അതിരിന് വെളിയിലാണെന്ന് കണ്ടെത്തിയിട്ടുണ്ട്. രണ്ട് സർക്കാരും ചേർന്നുള്ള റീ സർവ്വേ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കുറ്റാലത്തുള്ള കേരളാ പാലസിന്റെ ഭൂമിയിൽ 20.5 സെന്റ് സ്ഥലം ഹിന്ദു റിലീജിയസ് ചാരിറ്റബിൾ എൻഡോവ്മെന്റ് എന്ന പേരിലുള്ള സംഘടന കൈയ്യേറിയിട്ടുണ്ട്. പ്രസ്തുത കൈയ്യേറ്റം ഒഴിവാക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. പൊള്ളാച്ചി, നഞ്ചൻഗുഡ്, ചെങ്കോട്ട എന്നീ തടി ഡിപ്പോകളിൽ കൈയ്യേറ്റം ഉണ്ടാകാതിരിക്കാൻ ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചു വരുന്നു. കൂടാതെ സ്ഥലവും കെട്ടിടങ്ങളും സംരക്ഷിക്കുന്നതിന് ദിവസവേതനാടിസ്ഥാനത്തിൽ വാച്ചർമാരെ നിയോഗിച്ചിട്ടുണ്ട്. ബാക്കിയുള്ള സ്ഥലങ്ങളും കെട്ടിടങ്ങളും പൂർണ്ണമായും കേരള ഗവൺമെന്റിന്റെ അധീനതയിൽ ആയതിനാലും ഇവയിൽ കേരളത്തിന്റെ വിവിധ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുകയും ചെയ്യുന്നതിനാലും കൈയ്യേറ്റ സാദ്ധ്യതകൾ നിലവിലില്ല.<br><br>സെക്ഷൻ ഓഫീസർ |

## അനുബന്ധം

| ക്രമ നമ്പർ | പേര് | വസ്തുവിന്റെ വിസ്തീർണ്ണം | കെട്ടിടത്തിന്റെ വിസ്തീർണ്ണം | ഉടമാവകാശം (വകുപ്പ്) |
|---|---|---|---|---|
| 1 | കേരള ഹൌസ്, ന്യൂഡൽഹി | 2.496 ഏക്കർ | 6867.33 മീ.സ്ക്വയർ | പൊതുഭരണ വകുപ്പ് |
| 2 | ട്രാവൻകൂർ ഹൌസ്, ന്യൂഡൽഹി | 8.075 ഏക്കർ | 4424.00 മീ.സ്ക്വയർ | പൊതുഭരണ വകുപ്പ് |
| 3 | കപൂർത്തല പ്ലോട്ട്, ന്യൂഡൽഹി | 4.108 ഏക്കർ | 741.01 മീ.സ്ക്വയർ | പൊതുഭരണ വകുപ്പ് |
| 4 | കേരള പവിലിയൻ, പ്രഗതി മൈതാൻ, ന്യൂഡൽഹി | 0.40 ഏക്കർ | 2020.00 മീ.സ്ക്വയർ | ഇന്ത്യൻ ട്രെയിഡ് പ്രൊമോഷൻ ഓർഗനൈസേഷൻ |
| 5 | തുള്ളോക്ക് ഗാർഡൻ, ചെന്നൈ | 8.00 ഏക്കർ | ലഭ്യമല്ല | ടൂറിസം വകുപ്പ് |
| 6 | കേരള ഹൌസ്, കന്യാകുമാരി | 4.063 ഏക്കർ | ലഭ്യമല്ല | ടൂറിസം വകുപ്പ് |
| 7 | കുറ്റാലം കൊട്ടാരം കുറ്റാലം, തമിഴ് നാട് | 56.68 ഏക്കർ | ലഭ്യമല്ല | പൊതുമരാമത്ത് വകുപ്പ് |
| 8 | പത്മനാഭപുരം കൊട്ടാരം, കന്യാകുമാരി | വിവരം ശേഖരിച്ചു വരുന്നു | ലഭ്യമല്ല | പുരാവസ്തു വകുപ്പ് |
| 9 | ടിമ്പർ ഡിപ്പോ, ചെങ്കോട്ട | 14.38 ഏക്കർ | 85.56 മീ.സ്ക്വയർ | വനം വകുപ്പ് |
| 10 | ടിമ്പർ ഡിപ്പോ, പൊള്ളാച്ചി | 8.62 ഏക്കർ | ലഭ്യമല്ല | വനം വകുപ്പ് |
| 11 | ടിമ്പർ ഡിപ്പോ, നഞ്ചൻകോട്, കർണ്ണാടക | 5.93 ഏക്കർ | 97.75 മീ.സ്ക്വയർ | വനം വകുപ്പ് |
| 12 | സത്രം, വാരണാസി ഉത്തർപ്രദേശ് | 0.175 ഏക്കർ | ലഭ്യമല്ല | കൊച്ചിൻ ദേവസ്വം ബോർഡ് |

Section Officer.